പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :603

13.01.2021 ൽ മറുപടിക്ക്

## എൻ.ടി.പി.സി. യുമായുള്ള കരാർ

ചോദ്യം

ശ്രീ . എം . ഉമ്മർ

ശ്രീ .പി. കെ. ബഷീർ

ശ്രീ .കെ .എൻ .എ. ഖാദർ

ശ്രീ . അബ്ദുൽ ഹമീദ് .പി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) എൻ.ടി.പി.സി.യുമായുള്ള കരാർ പ്രകാരം ഇലക്ട്രിസിറ്റി ബോർഡ് 2025 വരെ എന്ത് തുക ഫിക്സഡ് ചാർജായി നൽകേണ്ടതുണ്ടെന്ന് അറിയിക്കാമോ;<br><br>(ബി) എന്തു തുക നൽകണമെന്നാണ് എൻ.ടി.പി.സി. ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) കായംകുളം എൻ.ടി.പി.സി.യുമായുള്ള വൈദ്യുതി വാങ്ങൽ കരാർ പ്രകാരം CERC നിശ്ചയിക്കുന്ന തോതിലാണ് ഫിക്സഡ് ചാർജ് നൽകുന്നത്. ഏറ്റവും ഒടുവിലായുള്ള CERC താരിഫ് ഓർഡർ പ്രകാരം എൻ.ടി.പി.സി. ഫിക്സഡ് ചാർജ് ഇനത്തിൽ പ്രതിവർഷം 297.65 കോടി രൂപ എന്ന നിരക്കിലാണ് ബിൽ ചെയ്തു കൊണ്ടിരുന്നത്. നിലയത്തിൽ നിന്നുള്ള വൈദ്യുതി കേരളം വാങ്ങാത്തതിനാൽ ഇതിനു ഇളവ് വേണമെന്ന് കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടു വന്നിരുന്നു. |
| (സി) ഇക്കാര്യത്തിലുണ്ടായിരിക്കുന്ന തർക്കം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) എൻ.ടി.പി.സി.യും കെ.എസ്.ഇ.ബി.യും തമ്മിൽ നിലനിന്നിരുന്ന പ്രസ്തുത തർക്കം പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഇടപെട്ടതിനെ തുടർന്ന് ഇരു കക്ഷികളും 12.11.2020 ൽ എത്തിച്ചേർന്ന ധാരണ പ്രകാരം കായംകുളം നിലയത്തിന്റെ വാർഷിക ഫിക്സഡ് ചാർജ് ആയി പ്രതിവർഷം 100 കോടി രൂപ നിരക്കിൽ 01.04.2019 മുതൽ കരാർ കാലാവധി തീരുന്ന 2025 ഫെബ്രുവരി മാസം (28.02.2025) വരെ എൻ.ടി.പി.സി.-ക്ക് കെ.എസ്.ഇ.ബി.എൽ. നൽകുവാനുള്ള ധാരണയായി. ഇത് അംഗീകരിച്ചു കൊണ്ട് 01.01.2021 ലെ സ.ഉ(കൈ) നം.1/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ